254/esl/18

# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ - കാലവർഷക്കെടുതി 2018 - ഉദ്യോഗസ്ഥർക്ക് അധികചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നം. എ3-10718/2018/സിഇ/തസ്വഭവ തീയതി 31/08/2018**

കാലവർഷത്തിന്റെ ഭാഗമായി ഉണ്ടായ വെള്ളപ്പൊക്കക്കെടുതി രൂക്ഷമായി ബാധിച്ച ജില്ലകളിലേയ്ക്ക് താൽക്കാലികമായി നിയോഗിക്കപ്പെട്ട വിവിധ ജില്ലകളിലെ (തിരുവനന്തപുരം, കൊല്ലം, പാലക്കാട്, മലപ്പുറം, കണ്ണൂർ) അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ അഭാവത്തിൽ, അവർ നിർവഹിച്ചിരുന്ന ജോലികൾ ടി ജില്ലകളിലെ തന്നെ അവശേഷിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവർക്ക് അധിക ചുമതല നൽകുന്നതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ചുമതല നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇപ്രകാരം ചുമതല ലഭിച്ചവർ 01.09.2018-ൽ തന്നെ അവരിൽ നിക്ഷിപ്തമായ ചുമതലകൾ ഏറ്റെടുക്കേണ്ടതും, ടി ചുമതലകൾ നിർവഹിക്കപ്പെടുന്നുണ്ടോ എന്ന് ബന്ധപ്പെട്ട ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. ടി ഉത്തരവിൽ വീഴ്ച വരുത്തുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കെതിരെ കർശനമായ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**

പകർപ്പ് :

എക്സിക്യൂട്ടീവ് എഞ്ചിനീയർ
ജില്ലാപഞ്ചായത്ത്
തിരുവനന്തപുരം / കൊല്ലം / പാലക്കാട്
മലപ്പുറം / കണ്ണൂർ